3. 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം

4. ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്കു പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

5. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം

6. ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ രണ്ടോ അതിലധികമോ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ വലിപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത

7. ഭരണപരമായ സൗകര്യം

(സി) തദ്ദേശസ്ഥാപനങ്ങളുടെ വിഭജനം/അതിർത്തി പുനർനിർണ്ണയം എന്നിവ സംബന്ധിച്ച് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഉദ്യോഗസ്ഥതല സമിതി സർക്കാരിന് സമർപ്പിച്ച ശിപാർശ 13-2-2019-ലെ സ.ഉ.(കൈ)നമ്പർ .23/2019/തസ്വഭവ. തീയതി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) പുതിയ നഗരസഭകൾ രൂപീകരിക്കേണ്ടതില്ല എന്ന ശിപാർശയാണ് പ്രസ്തുത സമിതി നൽകിയിട്ടുള്ളത്.

(ഇ) പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനമെടുത്തശേഷം മാത്രമേ ഇക്കാര്യം തീരുമാനിക്കുകയുള്ളൂ.

## 2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്

138 (1631) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ നടക്കാൻ പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളി ലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് വേണ്ടി നടത്തിയ മുന്നൊരുക്കങ്ങൾ വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ വിഭജനം, രൂപീകരണം എന്നിവയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി വാർഡുകളുടെ പുനഃസംഘടന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിലേയ്ക്കായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ബ്ലോക്കുകൾ പുനഃക്രമീകരിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ബ്ലോക്കുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിന് മുന്നോടിയായി റിട്ടേണിങ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ, പ്രിസൈഡിങ് ഓഫീസർ എന്നിവർ ഉപയോഗിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പരിഷ്കരിക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി ഫാറങ്ങൾ പുസ്തകരൂപത്തിൽ ആക്കുന്നതിനുമുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ റിട്ടേണിങ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, പ്രിസൈഡിങ് ഓഫീസർ എന്നിവർക്കുള്ള കൈപ്പുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ നട<u>ത്തു</u>ന്നതിന്റെ മേൽനോട്ടത്തിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് സംസ്ഥാനതല പരിശീലന വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർപട്ടിക പരിഷ്കരിക്കുന്ന വിഷയത്തിൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി മാസ്റ്റർ ട്രെയിനർമാർക്ക് സമഗ്രമായ ഒന്നാംഘട്ട പരിശീലനം നൽകിയിട്ടുണ്ട്.

(ബി&സി) പുതിയ ഗ്രാമ പഞ്ചായ<u>ത്തു</u>കളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായ<u>ത്തു</u>കളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായ<u>ത്തു</u>കളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായ<u>ത്തു</u>കളുടെയും സാധ്യത പട്ടിക,

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. മുനിസിപ്പാലിറ്റി വാർഡുകളുടെ പുനഃസംഘടന ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ബ്ലോക്കുകൾ പുനഃക്രമീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് വനമേഖലയിലെ വികസന പ്രവർത്തനങ്ങൾ**

139 (1632) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് വനമേഖലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനുള്ള പ്രത്യേക അനുമതി വനസംരക്ഷണ സമിതികൾക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

6-2-2018 തീയതിയിലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഖണ്ഡിക 4.63-ലെ തീരുമാനപ്രകാരം വന മേഖലയിലെ പ്രോജക്ടുകൾ നടപ്പാക്കാനുള്ള അക്രഡിറ്റഡ് ഏജൻസിയായി വനം സംരക്ഷണ സമിതിയെക്കൂടി നിശ്ചയിക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ**

140 (1633) ശ്രീ. കെ. രാജൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ ഉണർവ് സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ആസൂത്രണ

LIBRARY ARCHIVES Kerala Legislative Assembly